## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.675** **29.11.2018 ൽ മറുപടിയ്ക്ക്**

## വിദ്യാലയങ്ങളിൽ സോളാർ സംവിധാനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. കെ. ഹരീന്ദ്രൻ | ശ്രീ. എം. എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) വിദ്യാലയങ്ങളിൽ സോളാർ സംവിധാനം സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) പൊതുസ്ഥാപനങ്ങളിൽ സോളാർ പദ്ധതികൾ സ്ഥാപിക്കുന്നതിനുള്ള പ്രത്യേക പദ്ധതികളിൽ ഉൾപ്പെടുത്തി വിദ്യാലയങ്ങളിലും സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നുണ്ട്.<br>കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് മുഖാന്തിരം സർക്കാർ വിദ്യാലയങ്ങളിൽ നിലവിൽ സോളാർ സംവിധാനം സ്ഥാപിച്ചുവരുന്നതിന്റെ ജില്ല തിരിച്ചുള്ള എണ്ണം താഴെ കൊടുക്കുന്നു.<br>(1) കോഴിക്കോട് ജില്ലയിൽ - 39 എണ്ണം.<br>(2) കണ്ണൂർ - 23 എണ്ണം.<br>(3) തിരുവനന്തപുരം – 3 എണ്ണം.<br>(4) കാസർഗോഡ് – 8 എണ്ണം.<br>ഇതു കൂടാതെ സംസ്ഥാനത്താകെ 1750 സർക്കാർ വിദ്യാലയങ്ങളുടെ പുരപ്പുറത്ത് സോളാർ പാനലുകൾ സ്ഥാപിക്കാനുള്ള പദ്ധതി "സൗര" എന്ന പേരിൽ ആസൂത്രണം ചെയ്തു വരുന്നു.<br>എനർജി മാനേജ്മെന്റ് സെന്റർ സ്കൂൾ കുട്ടികൾക്കായി നടപ്പിലാക്കുന്ന സ്മാർട്ട് എനർജി പ്രോഗ്രാം 2017-18 ന്റെ ഭാഗമായി ഇ.എം.സി യും അനെർട്ടും സംയുക്തമായി സ്കൂളുകളിൽ 2kW ഓഫ് ഗ്രിഡ് സോളാർ പവർ പ്ലാന്റ് നൽകുന്ന പദ്ധതി ഉൾപ്പെടുത്തിയിരുന്നു. ഇതിലേയ്ക്കായി ഗവൺമെന്റ്/ എയിഡഡ്/ അൺ-എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ചേരാവുന്നതാണ്. പ്രസ്തുത പദ്ധതിയിലേയ്ക്കായി 80,000/- രൂപ സ്കൂളുകളും ബാക്കി തുക അനെർട്ടിന്റെ സാമ്പത്തിക സഹായവുമാണ്. |

| | |
|---|---|
| (ബി) എയ്ഡഡ് സ്കൂളുകളിൽ സോളാർ സംവിധാനം നടപ്പിലാക്കുന്നതിനായി സർക്കാർ ധനസഹായം ലഭ്യമാക്കുന്നുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ നൽകാമോ? | (ബി) ട്രസ്റ്റ് അല്ലെങ്കിൽ ചാരിറ്റബിൾ സൊസൈറ്റി ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾ നടത്തുന്ന എയ്ഡഡ് സ്കൂളുകൾക്ക് കേന്ദ്ര സർക്കാർ സബ്സിഡി ലഭ്യമാണ്. ശൃംഖലാബന്ധിത പ്ലാന്റുകൾക്ക് 1 കിലോവാട്ടിന് ഏകദേശം 18000 രൂപയും ശൃംഖലാബന്ധിതമല്ലാത്തവയ്ക്ക് 1 കിലോവാട്ടിന് 35000 രൂപയും സബ്സിഡി ലഭിക്കും. കേന്ദ്ര സർക്കാരിന്റെ ഈ ധനസഹായം അനെർട്ട് വഴിയാണ് ലഭ്യമാക്കുന്നത്. |

**സെക്ഷൻ ഓഫീസർ**